**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 41,635/- രൂപയുടെ (നാല്പത്തിഒന്നായിരത്തി അറുന്നൂറ്റി മുപ്പത്തി അഞ്ച് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്**

സ.ഉ(സാധാ)നം. 1156/2017/തസ്വഭവ          തിരുവനന്തപുരം,തീയതി 15/04/2017

പരാമർശം : 1. പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 13/04/2015 തീയതിയിലെ 395/15 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 27/05/2016 തീയതിയിലെ എം3- 13711/2016 നമ്പർ കത്ത്.

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21/01/2017 തീയതിയിലെ കെ എസ് എ 7369/പി റ്റി 3/2016 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ 2012-13 വർഷം പാണ്ടിക്കാട് ജി.എം.എൽ.പി.സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ' എന്ന പദ്ധതിയിൽ (പ്രൊജക്ട് നം.145/2012-13) പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് ചെലവഴിച്ച 41,635/- രൂപ (നാല്പത്തി ഒന്നായിരത്തി അറുന്നൂറ്റി മുപ്പത്തി അഞ്ച് രൂപ മാത്രം) ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. 12-ാം പദ്ധതി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്.) നം.225/2012/തസ്വഭവ തീയതി 18/08/2012] ഖണ്ഡിക 6-III പ്രകാരം, അദ്ധ്യാപക പരിശീലനങ്ങൾ ആവർത്തനം ഒഴിവാക്കുന്നതിനായി എസ് എസ് എ പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണെന്നും ഖണ്ഡിക 6-V പ്രകാരം, അദ്ധ്യാപക പരിശീലനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകൾ നടന്നുവരുന്നവയായതിനാൽ ആയവ ഏറ്റെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശിത ചെലവ് പ്രസ്തുത മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടത്തിയതിനാൽ 41,635/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തി.

2) എസ് എസ് എ യും വിദ്യാഭ്യാസ വകുപ്പും നടപ്പിലാക്കുന്നത് പോലുള്ള അദ്ധ്യാപക പരിശീലനമല്ല പരാമർശിത പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളതെന്നും മറിച്ച് അദ്ധ്യാപകർക്ക് അവരുടെ പ്രവർത്തന രംഗത്ത് ഉണ്ടായിട്ടുള്ള അനുഭവങ്ങൾ പങ്ക് വയ്ക്കുന്നതിനുള്ള സംഗമവും വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ മെച്ചപ്പെടുത്തുന്നതിനായി പഠനോപകരണ നിർമ്മാണത്തിനുള്ള പരിശീലനവുമാണ് നൽകിയിട്ടുള്ളതെന്നും കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഇത്തരത്തിലുള്ള ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയതെന്നുമുള്ള പഞ്ചായത്ത് ഭരണസമിതി വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ നടപ്പിലാക്കിയ പ്രസ്തുത പ്രൊജക്ടിന്റെ ചെലവിന് സാധൂകരണം നൽകണമെന്ന്

സൂചന ഒന്ന് കത്ത് പ്രകാരം പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ വേണ്ടവിധം ഗ്രഹിക്കാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്റ്റ് നിർവ്വഹണം നടത്തുന്നത് നിരന്തര ഓഡിറ്റ് പരാമർശങ്ങൾക്കിടയാക്കുന്നുണ്ടെന്നും എന്നിരുന്നാലും അദ്ധ്യാപക പരിശീലനമല്ല, വിദ്യാഭ്യാസ വിദഗ്ധരെയും സൈക്കോളജിസ്റ്റുകളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ ക്ലാസ്സാണ് നടത്തിയതെന്നും ഇതിനോടനുബന്ധിച്ച നടന്ന പഠനോപകരണ നിർമ്മാണ പരിശീലനം കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ സഹായിച്ചിട്ടുണ്ടെന്നുമുള്ള നിർവ്വഹണോദ്യോഗസ്ഥന്റെയും ഗ്രാമപഞ്ചായത്തിന്റെയും മറുപടി പരിഗണിച്ച് പരാമർശ ചെലവിന് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അദ്ധ്യാപക പരിശീലനമല്ല മറിച്ച് വിദ്യാഭ്യാസ വിദഗ്ധരെയും സൈക്കോളജിസ്റ്റുകളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ ക്ലാസ്സാണ് ടി പദ്ധതി മുഖേന നടത്തിയതെന്നും ഇതിനോടനുബന്ധിച്ച നടന്ന പഠനോപകരണ നിർമ്മാണ പരിശീലനം കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ സഹായിച്ചിട്ടുണ്ടെന്നുമുള്ള നിർവ്വഹണോദ്യോഗസ്ഥന്റെയും ഗ്രാമ പഞ്ചായത്തിന്റെയും മറുപടി പരിഗണിച്ചും ഇക്കാര്യത്തിലുള്ള പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ അനുകൂല ശുപാർശയുടെയും അടിസ്ഥാനത്തിൽ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 41,635/- രൂപയുടെ (നാല്പത്തിഒന്നായിരത്തി അറുന്നൂറ്റി മുപ്പത്തി അഞ്ച് രൂപ മാത്രം) ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ